## Athmaraksha.org

ലേഖനം - കുടുംബം,സമാധാനം,സന്തോഷം, കരുണ

### ദാമ്പത്യ ജീവിതം: ദൈവത്തിന്റെ കുടുംബത്തെ നാൾക്കുനാൾ വിപുലവും സമ്പന്നവുമാക്കുന്നതിനുള്ള വിളി.



കുടുംബജീവിതം സ്വഭാവത്താൽത്തന്നെ സന്താനോൽപ്പാദനത്തിനും സന്താനങ്ങളെ വളർത്തുന്നതിനും വേണ്ടി നിയോഗിക്കപ്പെട്ടിരിക്കുന്നു. മക്കളാണ് യഥാർത്ഥത്തിൽ വിവാഹത്തിന്റെ ഉത്കൃഷ്ടമായ ദാനവും അവരുടെ മാതാപിതാക്കന്മാർക്ക് ഏറ്റവും വലിയ നന്മ പ്രദാനം ചെയ്യുന്നതും. "മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല" (ഉല്പ 2:18) എന്ന് അരുളിചെയ്തവനും "ആദിമുതൽ അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചവനും" (മത്താ 19:4) ആയ ദൈവംതന്നെ, തന്റെ സൃഷ്ടിപരമായ പ്രവൃത്തിയിൽ ഒരു പ്രത്യേക ഭാഗഭാഗിത്വം പകർന്നു നൽകാൻ ആഗ്രഹിച്ചുകൊണ്ട്, പുരുഷനെയും സ്ത്രീയെയും അനുഗ്രഹിച്ചുകൊണ്ടു പറഞ്ഞു."സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ" (ഉല്പ. 1:28).

വൈവാഹിക സ്നേഹത്തിന്റെ ശരിയായ പാലനവും അതിൽ നിന്നുളവാകുന്ന കുടുംബ ജീവിതത്തിന്റെ മുഴുവൻ അർത്ഥവും ലക്ഷ്യം വയ്ക്കുന്നതും ഇതാണ്; ദൈവം അവിടുത്തെ സ്വന്തമായ കുടുംബത്തെ ദമ്പതികൾ വഴി നാൾക്കു നാൾ വിപുലവും സമ്പന്നവുമാക്കുന്നതിന് ദൈവത്തിന്റെയും രക്ഷകന്റെയും സ്നേഹത്തോട് ആത്മധൈര്യത്തോടുകൂടി സഹകരിക്കാൻ ദമ്പതികളെ പ്രാപ്തരാക്കുക.

ദമ്പതികൾ തങ്ങളുടെ സ്വന്തം ദൗത്യവുമായി പരിഗണിക്കേണ്ട, മനുഷ്യജീവൻ പകർന്നുകൊടുക്കുകയും മക്കൾക്കു പരിശീലനം നൽകുകയും ചെയ്യുന്ന ജോലിയിൽ തങ്ങൾ സൃഷ്ടാവായ ദൈവത്തിന്റെ സ്നേഹത്തിന്റെ സഹകാരികളാണെന്നും അതിന്റെ ഇടനിലക്കാരെപ്പോലെയാണെന്നും മനസ്സിലാക്കണം. അതുകൊണ്ട് മാനുഷികവും ക്രിസ്തീയവുമായ അവരുടെ കടമകൾ അവർ നിറവേറ്റുകയും, ദൈവത്തോടുള്ള ശുഷ്കാന്തിനിറഞ്ഞ ആദരവോടുകൂടി, കൂട്ടായ ആലോചനയും പരിശ്രമവും വഴി ശരിയായ തീരുമാനങ്ങൾ എടുക്കുകയും ചെയ്യണം. അതിൽ സ്വന്തം നന്മയും ജനിച്ചവരും ഭാവിയിൽ ജനിക്കാനിരിക്കുന്നതുമായ മക്കളുടെ നന്മയും കരുതി, കാലങ്ങളുടെയും ജീവിതാന്തസ്സിന്റെയും ഭൗതികവും ആത്മീകവുമായ പരിത:സ്ഥിതികൾ കണക്കിലെടുത്ത് കുടുംബ സമൂഹത്തിന്റെയും ഭൗതിക സമൂഹത്തിന്റെയും സഭയുടെതന്നെയും നന്മ കണക്കിലെടുക്കണം. ഈ നിഗമനം

ആത്യന്തികമായി ദമ്പതിമാർതന്നെ ദൈവതിരുസന്നിധിയിൽ എടുക്കേണ്ടതാണ്.

ക്രിസ്തീയ ദമ്പതികൾ തങ്ങളുടെ പ്രവർത്തനരീതിയിൽ തന്നിഷ്ടംപോലെ പോകാൻ പാടില്ല എന്നതും ദൈവനിയമത്തിന് എപ്പോഴും വിധേയരായി, അതിനെ സുവിശേഷത്തിന്റെ വെളിച്ചത്തിൽ ആധികാരികമായി വ്യാഖ്യാനിക്കുന്ന സഭാ പ്രബോധത്തോട് അനുസരണയുള്ളവരായി നീങ്ങണമെന്നും അവബോധമുള്ളവരായിരിക്കണം. ദൈവനിയമംതന്നെ സമ്പൂർണ്ണമായ ദാമ്പത്യസ്നേഹത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുകയും അതിനെ സംരക്ഷിക്കുകയും അതിന്റെ ശരിയായ മാനുഷികപൂർണ്ണതയ്ക്കുവേണ്ടി പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെ, ക്രിസ്തീയ ദമ്പതികൾ ദൈവ പരിപാലനത്തിൽ ആശ്രയിച്ച് പരിത്യാഗചൈതന്യം പരിശീലിച്ച് സ്രഷ്ടാവിനെ മഹത്ത്വപ്പെടുത്തുകയും മിശിഹായിൽ ഉള്ള പൂർണ്ണതയിലേക്കു നടന്നടുക്കുകയും ചെയ്തുകൊണ്ട് സന്താനോത്പാദന ജോലി സന്മനസ്സോടെയും മാനുഷികവും ക്രിസ്തീയവുമായ ഉത്തരവാദിത്വത്തോടെയും നിവേറ്റണം. ദൈവം തങ്ങളെ ഭാരമേൽപ്പിച്ച ജോലി ഈ രീതിയിൽ നിർവ്വഹിക്കുന്ന ദമ്പതിമാരിൽ പ്രത്യേകം എടുത്തുപറയപ്പെടേണ്ടവരാണ് തുറന്നമനസ്സോടുകൂടി വളരെ കൂടുതൽ മക്കളെ വളർത്താൻ വിവേകപൂർണ്ണവും പൊതുവായ ചിന്തയോടുകൂടിയും തയ്യാറാകുന്നവർ.

എന്നാൽ, വിവാഹം സന്താനോത്പാദനത്തിനുവേണ്ടിമാത്രം സ്ഥാപിതമായതല്ല, പ്രത്യുത, വ്യക്തികൾ തമ്മിലുള്ള അവിഭാജ്യമായ ഉടമ്പടിയുടെ സ്വഭാവവും മക്കളുടെ നന്മയും ആവശ്യപ്പെടുന്നത് ദമ്പതികൾ തമ്മിലുള്ള പരസ്പര സ്നേഹം വേണ്ടവിധം പ്രകടമാക്കണമെന്നും വളർന്നു പരിപക്വമാകണമെന്നുമാണ്. അതുകൊണ്ട്, ആഗ്രഹിക്കുമ്പോഴെല്ലാം സന്താനലബ്ധി ഉണ്ടായില്ലെങ്കിലും, ജീവിതം മുഴുവന്റെയും സമ്പ്രദായവും കൂട്ടായ്മയുമെന്ന നിലയിൽ വിവാഹം നിലനിൽക്കുകയും അതിന്റെ മൂല്യവും അവിഭാജ്യതയും സംരക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്.